പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3565 08.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഒ. രാജഗോപാൽ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോടതി ഉത്തരവിലൂടെ കെ.എസ്.ആർ.ടി.സി.യിലെ താത്ക്കാലിക തൊഴിലാളികളെ പിരിച്ചുവിട്ടതുമൂലം എത്ര ഷെഡ്യൂളുകൾ റദ്ദ് ചെയ്തുവെന്ന് അറിയിക്കാമോ; | (എ) | ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം താൽക്കാലിക ഡ്രൈവർ വിഭാഗം ജീവനക്കാരെ പിരിച്ച് വിട്ടിട്ടുണ്ട്. ഇതുമൂലം കെ.എസ്.ആർ.ടി.സി ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. (താൽക്കാലിക ഡ്രൈവർമാരെ പിരിച്ച് വിട്ടത് 2019 ഒക്ടോബർ ആദ്യവാരമാണ്.) |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.ക്ക് 2861.75 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | 2016 മേയ് മുതൽ ഇതുവരെ കെ.എസ്.ആർ.ടി.സി.യ്ക്ക് കൺസഷൻ, ബസ് വാറണ്ട്, പാസ് ഉൾപ്പെടെയുള്ള ഇനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട്; വെളിപ്പെടുത്താമോ; | (സി) | 2016 മുതൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് 351,51,04,467/- രൂപയുടെ ബാദ്ധ്യത കണക്കാക്കിയിട്ടുണ്ട്. 2016 മെയ് മുതൽ 2019 ജൂൺ മാസം വരെ ബസ് വാറണ്ടിനത്തിൽ 5,70,80,237/- രൂപ ചെലവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ, പാസ് നൽകിയ ഇനത്തിൽ കോർപ്പറേഷന് 129.9 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിൽ ഏതു വർഷം വരെ വിരമിച്ചവർക്കാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകിയിട്ടുള്ളത്; അറിയിക്കാമോ; | (ഡി) | 2019 ജൂൺ മാസം വരെ വിരമിച്ച ജീവനക്കാർക്ക് (സേവനപുസ്തകങ്ങളിൽ അപാകതകൾ ഉള്ളവ ഒഴികെ) പെൻഷനും ആനുകൂല്യങ്ങളും അനുവദിച്ച നൽകിയിട്ടുണ്ട്. ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിരമിച്ച ജീവനക്കാർക്ക് പെൻഷനും ആനുകൂല്യങ്ങളും അനുവദിച്ച് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | കെ.എസ്.ആർ.ടി.സി.യിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ ആയി പിരിച്ചെടുത്ത തുക പെൻഷൻ ഫണ്ടിൽ അടച്ചിട്ടുണ്ടോ; എങ്കിൽ ഏതു വർഷം വരെയുള്ളത് അടച്ചു; വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്.<br>01.04.2013 മുതലാണ് കെ.എസ്.ആർ.ടി.സിയിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയത്. 8/2014 മുതൽ ജീവനക്കാരുടെ വിഹിതം ശമ്പളത്തിൽ നിന്നും ഈടാക്കിയതിൽ ബാക്കിയുള്ള തുക അടയ്ക്കുന്നതിലേയ്ക്ക് 119.60 കോടി രൂപ ആവശ്യമാണ്. 24 തവണകൾ അടച്ചിട്ടുണ്ട്. 8/2014 മുതൽ 8/2015 വരെയും, 10/2016, 11/2016, 05/2017, 05/2018 മുതൽ 12/2018 വരെയും അടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം:**

## 25.05.2016 മുതൽ 30.10.2019 വരെ കെ.എസ്.ആർ.ടി.സി-യ്ക്ക് അനുവദിച്ച സർക്കാർ ധനസഹായം

| സാമ്പത്തികവർഷം | മേജർ ശീർഷകം | അനുവദിച്ച തുക ( തുക കോടിയിൽ ) |
|---|---|---|
| 2016-17 | 7055 | 265.00 |
| | 5055 | 40.61 |
| | **ആകെ** | **305.61** |
| 2017-18 | 7055 | 835.00 |
| | 5055 | 29.60 |
| | **ആകെ** | **864.60** |
| 2018-19 | 7055 | 1056.35 |
| | 5055 | 5.60 |
| | **ആകെ** | **1061.95** |
| 01.04.2019 to 30.10.2019 | 7055 | 629.59 |
| | 5055 | Nil |
| | ആകെ | 629.59 |
| **25.05.2016 മുതൽ 30.10.2019 വരെ അനുവദിച്ച തുക** | | **2861.75 കോടി രൂപ** |